# 6. പ്രധാന സിദ്ധാന്തങ്ങൾ

വിശ്വാസ പ്രമാണങ്ങളും കർമപ്രമാണങ്ങളുമാണ് ഇസ്‌ലാമിക ദർശനത്തിന്റെ അടിത്തറ. ഇസ്‌ലാമിന്റെ ഇതര സിദ്ധാന്തങ്ങളും വിധിവിലക്കുകളുമെല്ലാം ഈ പ്രമാണങ്ങളോട് പ്രത്യക്ഷമായോ പരോക്ഷമായോ അഭേദ്യമായി ബന്ധപ്പെട്ടതാണ്. ഈ പ്രമാണങ്ങളിൽനിന്നു രൂപംകൊണ്ട സുപ്രധാനമായ ചില ഇസ്‌ലാമിക സിദ്ധാന്തങ്ങൾ താഴെ വിവരിക്കുന്നു.

## (i) ജ്ഞാനദർശനം

മനുഷ്യന്റെ ജ്ഞാനോപാധികൾ മൂന്നാകുന്നു. 1. ഇന്ദ്രിയങ്ങൾ 2. സത്യവാർത്ത 3. ബുദ്ധി. ഗോചരമായ ഭൗതിക പ്രപഞ്ചത്തെ അറിയാനുള്ള ഉപാധിയാണ് ഇന്ദ്രിയങ്ങൾ. അദൃശ്യമായ ഭൗതിക വിവരങ്ങൾ ബുദ്ധിയിലൂടെ ആർജിക്കാൻ കഴിയുന്നു. അഗ്നിയും അതിന്റെ ചൂടും ഇന്ദ്രിയ ഗോചരമാകുന്നു. ഭൂമിയുടെ ആകർഷണശക്തി ബുദ്ധിയിലൂടെ ഗ്രഹിക്കുന്ന ജ്ഞാനമാണ്. അഭൗതിക സംഗതികൾ ഗ്രഹിക്കാൻ ഇന്ദ്രിയങ്ങൾക്കോ ബുദ്ധിക്കോ സ്വയം സാധ്യമല്ല. അതിനുള്ള ഉപാധി സത്യവാർത്ത (ഖബറുസ്സ്വാദിഖ്) മാത്രമാകുന്നു.

ശ്രുത വിജ്ഞാനമാണ് സത്യവാർത്ത. അതായത് പ്രവാചകന്മാരും അവർ കൊണ്ടുവന്ന വേദങ്ങളും. ഒരാൾ അഭൗതിക വിവരങ്ങളുടെ ആധികാരിക വക്താവാണോ എന്നറിയാനുള്ള മാർഗം അയാളുടെ സംശുദ്ധമായ വ്യക്തിത്വവും അയാളിലൂടെ പ്രത്യക്ഷമാകുന്ന ദിവ്യാദ്ഭുത(മുഅ്ജിസത്)ങ്ങളും ആകുന്നു. അംഗീകൃത പ്രവാചകന്മാരെല്ലാം സംശുദ്ധമായ വ്യക്തിത്വമുള്ളവരും ദിവ്യാദ്ഭുതങ്ങൾ പ്രത്യക്ഷപ്പെടുത്തിയവരുമായിരുന്നു. സത്യസന്ധതയില്ലാത്തവരും ദുഷ്ടരും അധമരും അതിഭൗതിക ജ്ഞാനം അവകാശപ്പെട്ടാൽ സ്വീകാര്യമല്ല. ദിവ്യാദ്ഭുതം ആഭിചാരത്തിൽനിന്നും മായാജാലത്തിൽനിന്നും ഭിന്നമാകുന്നു. ആഭിചാരവും മായാജാലവും മിഥ്യയാണ്. ദിവ്യാദ്ഭുതം യാഥാർഥ്യവും. മൂസാനബിയെ വെല്ലുവിളിച്ച ആഭിചാരകന്മാർ അവരുടെ കയറുകളെ സർപ്പമാക്കിക്കാണിച്ചത് മിഥ്യയായ ആഭിചാരമായിരുന്നു. മൂസാനബിയുടെ വടി സർപ്പമായി ആഭിചാരകന്മാരുടെ സർപ്പങ്ങളെയെല്ലാം വിഴുങ്ങിയത് യാഥാർഥ്യമായിരുന്നു. അതുകൊണ്ടാണ്, ആഭിചാരകൻമാർ തൽക്ഷണം മൂസാനബിക്കു കീഴടങ്ങുകയും അദ്ദേഹത്തിൽ വിശ്വസിക്കുകയും ചെയ്തത്. കാരണം, അഭൗതിക ലോകത്തെക്കുറിച്ചു മൂസാനബി നല്കുന്ന വാർത്തകൾ സത്യമാണെന്ന് അവർക്കു ബോധ്യപ്പെട്ടു. ഈവിധം വാർത്തയുടെയും വക്താവിന്റെയും യാഥാർഥ്യം ബോധ്യപ്പെടുത്തുന്ന ദൃഷ്ടാന്തങ്ങളാണ് ദിവ്യാദ്ഭുതം (മുഅ്ജിസത്). പ്രവാചകനെ പ്രവാചകനെന്നു ബോധ്യപ്പെട്ടാൽ അദ്ദേഹത്തിന്റെ വാർത്തകളെ സത്യവാർത്തകളായി സ്വീകരിക്കുകയും അനുസരിക്കുകയും ചെയ്യേണ്ടത് നിർബന്ധ ബാധ്യതയാകുന്നു.

അന്ത്യപ്രവാചകനായ മുഹമ്മദ്നബി സംശുദ്ധമായ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നുവെന്നതിൽ അദ്ദേഹത്തിന്റെ കാലത്തു ജീവിച്ചവർക്കാർക്കും അഭിപ്രായ വ്യത്യാസമില്ല. ചെറുപ്പത്തിലേ സ്വഭാവ ശുദ്ധിക്കും സത്യസന്ധതക്കും പ്രസിദ്ധനായിത്തീർന്ന അദ്ദേഹം അൽഅമീൻ (വിശ്വസ്തൻ) എന്ന അപരാഭിധാനത്തിലാണറിയപ്പെട്ടിരുന്നത്. പ്രവാചകത്വലബ്ധിയെത്തുടർന്ന് അദ്ദേഹത്തിലൂടെ നിരവധി ദിവ്യാദ്ഭുതങ്ങൾ പ്രത്യക്ഷപ്പെട്ടതായി ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഖുർആൻ അദ്ദേഹത്തിന്റെ ഏറ്റവും വലിയ മുഅ്ജിസതായി ചൂണ്ടിക്കാണിക്കുന്നത് ഖുർആനിനെ തന്നെയാണ്. ഖുർആനിന്റെ ആശയവും ശൈലിയും ഘടനയുമെല്ലാം അമാനുഷമാണെന്ന് അതുദ്ഘോഷിക്കുന്നു. ഖുർആൻ മാനുഷികമാണെന്ന് വിചാരിക്കുന്നവർ അതുപോലെയൊന്ന് രചിക്കട്ടെ എന്ന ഖുർആന്റെ വെല്ലുവിളി ഇന്നും നിലനില്ക്കുകയാണ്. “നാം നമ്മുടെ ദാസന് അവതരിപ്പിച്ചിട്ടുള്ള ഈ വേദത്തെക്കുറിച്ച് അതു നമ്മിൽനിന്നുള്ളത് തന്നെയോ അല്ലേ എന്ന് സംശയിക്കുന്നുവെങ്കിൽ അതുപോലുള്ള ഒരധ്യായമെങ്കിലും നിങ്ങൾ രചിക്കുവിൻ. അതിന് ഏകനായ അല്ലാഹുവിനെക്കൂടാതെ നിങ്ങൾക്ക് ഇഷ്ടമുള്ള എല്ലാ കൂട്ടാളികളുടെയും സഹായം തേടിക്കൊള്ളുക. നിങ്ങൾ സത്യവാന്മാരെങ്കിൽ അതു ചെയ്തു കാണിക്കൂ. നിങ്ങളതു ചെയ്യുന്നില്ലെങ്കിൽ- ഒരിക്കലും നിങ്ങൾക്കതു ചെയ്യാൻ കഴിയില്ല- മനുഷ്യനും ശിലയും ഇന്ധനമായിട്ടുള്ള അഗ്നിയെ കാത്തുകൊള്ളുക. അതു സത്യനിഷേധികൾക്കു വേണ്ടി സജ്ജീകരിക്കപ്പെട്ടതാകുന്നു”(2: 23-24). “ഇത് (ഖുർആൻ) പ്രവാചകൻ സ്വയം ചമച്ചതാണെന്നു ജനം പറയുന്നുവോ? എങ്കിൽ അവരോടു പറയുക: ഈ ആരോപണത്തിൽ നിങ്ങൾ സത്യസന്ധരാണെങ്കിൽ ഇതുപോലൊരു അധ്യായം രചിച്ചുകൊണ്ടുവരിക. അല്ലാഹുവിനെക്കൂടാതെ നിങ്ങൾക്ക് ആരെയെല്ലാം സഹായത്തിനു വിളിക്കാൻ കഴിയുമോ അവരെയെല്ലാം വിളിച്ചുകൊള്ളുക”(10: 38). “ഈ വേദം പ്രവാചകൻ സ്വയം ചമച്ചതാണെന്ന് അവർ പറയുന്നുവോ? അവരോടു പറയുക: കൊള്ളാം, എങ്കിൽ ഇതുപോലുള്ള പത്തധ്യായങ്ങൾ നിങ്ങളും രചിച്ചുകൊള്ളുവിൻ. അല്ലാഹുവിനെക്കൂടാതെ ഏതെല്ലാം ആരാധ്യന്മാരെ സഹായത്തിനു വിളിക്കാമോ അവരെയെല്ലാം നിങ്ങൾ വിളിച്ചുകൊള്ളുക; നിങ്ങൾ സത്യമുള്ളവരെങ്കിൽ” (11:13). നിരവധി ഭാഷാ പടുക്കളും സാഹിത്യ പ്രതിഭകളും ഈ വെല്ലുവിളിയെ നേരിടാൻ ശ്രമിച്ചു നോക്കിയിട്ടുണ്ട്. പക്ഷേ, ഇന്നോളം ആർക്കും അതിനു കഴിഞ്ഞിട്ടില്ല. ഒരിക്കലും ആർക്കും കഴിയുകയുമില്ല. ഇതുതന്നെയാണ് മുഹമ്മദീയ പ്രവാചകത്വത്തിന്റെ ഏറ്റവും വലിയ തെളിവും ദൃഷ്ടാന്തവും. ഖുർആൻ നടത്തിയ അനേകം പ്രവചനങ്ങൾ പിന്നീട് അക്ഷരംപ്രതി പുലർന്നിട്ടുള്ളതും മുഹമ്മദ്നബി തന്റെ അഭിസംബോധിതരുടെ മുന്നിൽ പ്രത്യക്ഷപ്പെടുത്തിയിട്ടുള്ള ദിവ്യാദ്ഭുതങ്ങളും ഇതിനു പുറമേയാണ്. ഖുർആൻ അവയിലൊന്നും ഊന്നാതെ ഖുർആൻ എന്ന ദിവ്യാദ്ഭുതത്തിൽ മാത്രം ഊന്നിയതിലും സവിശേഷമായ താൽപര്യമുണ്ട്. മുഹമ്മദ്നബി പ്രത്യക്ഷപ്പെടുത്തിയ മറ്റു ദൃഷ്ടാന്തങ്ങൾ അദ്ദേഹത്തിന്റെ കൂടെ ജീവിച്ചവർ മാത്രമേ കണ്ടിട്ടുള്ളൂ. പ്രവചനങ്ങളുടെ സാക്ഷാൽക്കാരവും അതിനു സാക്ഷ്യം വഹിച്ചവർക്കേ ബോധ്യപ്പെടുകയുള്ളൂ. മുഹമ്മദീയ പ്രവാചകത്വമാകട്ടെ, ലോകാവസാനം വരെ നിലനില്ക്കുന്നതാണ്. അത് മുൻ പ്രവാചകന്മാരെപ്പോലെ അവരുടെ കാലക്കാർക്കും സമുദായത്തിനും മാത്രമുള്ളതല്ല. അതുകൊണ്ട് മുഹമ്മദീയ പ്രവാചകത്വത്തിന്റെ ദൃഷ്ടാന്തമായിരിക്കേണ്ടത് എല്ലാ കാലത്തും എല്ലാ ജനങ്ങൾക്കും അനുഭവവേദ്യമാകുന്ന ദിവ്യാദ്ഭുതമാകുന്നു. അതാണ് വിശുദ്ധ ഖുർആൻ. നിഷ്കളങ്കമായ സത്യാന്വേഷണ വാഞ്ഛയോടെ ഖുർആൻ വായിക്കുന്ന ആർക്കും അതിന്റെ അമാനുഷികതയും അത് അവതരിപ്പിച്ച പ്രവാചകന്റെ യാഥാർഥ്യവും ബോധ്യപ്പെടുന്നു. മുഹമ്മദീയ പ്രവാചകത്വത്തിനുശേഷമുള്ള മാനവ തലമുറകൾക്ക് അഭൗതിക സത്യങ്ങൾ ഗ്രഹിക്കാനുള്ള ആധികാരിക മാധ്യമമാകുന്നു ഖുർആനും മുഹമ്മദീയ ജീവിതചര്യയും.